പട്ടാമ്പി ആസ്ഥാനമാക്കി ഫയർ സ്റ്റേഷൻ

99(391) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ആസ്ഥാനമായി ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കഴിഞ്ഞ സർക്കാർ പട്ടാമ്പി ആസ്ഥാനമായി ആരംഭിക്കാൻ തീരുമാനിച്ച ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ ഉണ്ടായ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പട്ടാമ്പി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കെട്ടിടം ഇവ ലഭ്യമായിട്ടില്ല.

ജയിലുകളുടെ നവീകരണം

100(392) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) 2010-ലെ ജയിൽ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) തടവുകാർക്കുള്ള ക്ഷേമനിധി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) എല്ലാ ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് (മാനേജ്മെന്റ്) ആക്ട് 2010 പ്രാബല്യത്തിൽ വരുത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി പുതിയ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിശോധനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly